

# കർക്കിടകം രാമായണ മാസം

*(July 23 – Aug.22)*

**സുധീർ പണിക്കവീട്ടിൽ**

**ശ്രീരാമ, രാമ,രാമ ! ശ്രീരാമചന്ദ്ര ജയ**
**ശ്രീരാമ, രാമ,രാമ ശ്രീരാമഭദ്ര ജയ**
**ശ്രീരാമ നാമം പാടി വന്ന പൈങ്കിളി പെണ്ണേ**
**ശ്രീരാമ ചരിതം നീ ചൊല്ലിടു മടിയാതെ**
**(അദ്ധ്യാത്മ രാമായണം –എഴുത്തച്ഛൻ)**

മഴ ആടിതിമർക്കുന്ന കർക്കടകം പിറക്കുന്നതോടെ കേരളം ഭക്തിസാന്ദ്രമാകുന്നു. ഉത്തരായണം കഴിഞ്ഞെത്തുന്ന കർക്കടകത്തിലെ തീരാത്ത മഴയുടെ താളങ്ങൾക്കൊപ്പം ഭക്ത ജനങ്ങൾ രാമയാണ–പാരായണം ആരംഭിക്കുകയായി. അതുകൊണ്ട് കർക്കടക മാസത്തെ രാമായണ മാസമെന്നു വിളിക്കുന്നു. മിഥുന മാസത്തിൻെറ ഒടുവിൽ "പൊട്ടി" എന്ന ജ്യേഷ്ഠ ഭഗവതിയെ പുറത്താക്കി ഐശ്വര്യദേവതയായ ശ്രീ ഭഗവതിയെ എതിരേൽക്കുന്ന ജനങ്ങൾ ശ്രീരാമ ചന്ദ്രൻെറ അപദാനങ്ങൾ പാടാൻ തയ്യാറാകുന്നതോടെ പുണ്യ ദിനങ്ങൾക്ക് തുടക്കമായി..

പുരാതനകാലം മുതൽ പ്രക്രുതിയുടെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞ മനുഷ്യൻ ഋതുഭേദങ്ങൾക്കൊപ്പം അനുഷ്ഠിക്കുന്ന കർമ്മങ്ങളും വ്യത്യസ്ഥങ്ങൾ തന്നെ. സൂര്യദേവനെ മഴമേഘങ്ങൾ മറച്ച് പിടിച്ച് പകലും രാത്രിയും ഒരു പോലെ അന്ധകാരം പരത്തുമ്പോൾ മനുഷ്യരെ ആക്രമിക്കാൻ രോഗങ്ങൾ തയ്യാറാകുന്നു എന്നവർ വിശ്വസിച്ചു. അതുകൊണ്ട് തന്നെ കർക്കിടക മാസത്തിൽ മലയാളികൾക്ക് വൈവിദ്ധ്യമാർന്ന അനുഷ്ഠാനങ്ങൾ ഉണ്ട്. കർക്കടക മാസത്തിലെ കറുത്ത വാവ് ദിവസം പിത്രുക്കൾക്ക് ബലിയിടുന്നത് പുണ്യമായി

കരുതുന്നു. അന്നേ ദിവസം വീട്ടമ്മമാർ മധുരപലഹാരങ്ങൾ തയ്യാറാക്കി മരിച്ച് പോയ പിത്രുക്കൾക്കായി ഒരു മുറിയിൽ കത്തിച്ച് വച്ച വിളക്കിനരികെ, വ്രുത്തിയാക്കിയ ഇരിപ്പിടങ്ങൾക്ക് മുമ്പിൽ വച്ച് ഭക്തിപൂർവ്വം തൊഴുത് വാതിൽ ചാരി പോരുന്നു. മരിച്ചവരുടെ ആത്മാക്കൾ വന്ന് ആ സൽക്കാരം സ്വീകരിക്കുമെന്ന് വിശ്വസിച്ച് വരുന്നു.

എല്ലാ പ്രശ്നങ്ങൾക്കും ഈശ്വരനിൽ പരിഹാരം കാണുന്ന മനുഷ്യർ അവനെ പ്രസാദിപ്പിക്കുന്നതിൽ വ്യാപ്രുതനാകുന്നു. ഉമ്മറകോലായിലെ നിലവിളക്കിനു ചുറ്റുമിരുന്ന് രാമായണം വായിച്ച് ഗ്രാമസന്ധ്യകൾക്ക് പുണ്യ നിമിഷങ്ങളുടെ വിശുദ്ധി പകർന്നു കൊണ്ടു ഭക്ത ജനങ്ങൾ ആലാപനത്തിന്റെ നിറവിൽ അലിഞ്ഞ്ചേരുന്നു. ഉഷസന്ധ്യ, മദ്ധ്യാ□ സന്ധ്യ ,
സായം സന്ധ്യ എന്നീ മൂന്നു സന്ധ്യകൾ ഒഴികെ രാമായണം എപ്പോഴും വായിക്കാവുന്നതാണു. മത്സ്യമാംസാദികൾ ഉപേക്ഷിച്ച് വ്രുതശുദ്ധിയോടെ പ്രജാവത്സലനും, ആപൽബാന്ധവനുമായ ശ്രീരാമനെ മനസ്സിൽ ധ്യാനിച്ച്കൊണ്ട്, രാമായണ പാരായണം നടത്തുന്നു. പഞ്ഞം നിറഞ്ഞ കള്ള കർക്കിട്കത്തിലെ പഷ്ണിയും, കഷ്ടപ്പാടും മാറ്റി സുഖവും സമ്രുദ്ധിയും തരണമെന്ന പ്രാർഥന ഭക്തജനങ്ങളുടെ ഹ്രുദയങ്ങളിൽ നിറയുന്നു.

രാമായണ മാസത്തിലെ നാലമ്പല ദർശനവും, ഹിന്ദുക്കൾ ഭക്തിപൂർവ്വം നിർവ്വഹിക്കുന്ന ചടങ്ങാണു്. ശ്രീരാമന്റേയും, ലക്ഷ്മണന്റേയും , ഭരതന്റേയും, ശത്രുഘ്നന്റേയും അമ്പലങ്ങൾ ഒരു ദിവസം സന്ദർശിക്കുന്നതിനെ നാലമ്പല ദർശനം എന്നു പറയുന്നു. ദശരഥ മഹാരാജവിന്റെ ഈ നാലു മക്കളും പിറന്നത് കർക്കടക മാസത്തിലെ പുണർതം, പൂയ്യം, ആയില്യം എന്നീ നക്ഷ്ത്രങ്ങളിലാണു്. ലക്ഷ്മണനും, ശത്രുഘ്നനും ഇരട്ടകൾ ആയത്കൊണ്ട് അവർക്ക് ഒരു നക്ഷത്രം. ത്രുശ്ശൂരിൽ ഇവരുടെ പ്രതിഷ്ഠകൾ യഥാക്രമം ത്രുപ്രയാർ, ഇരിഞ്ഞാലകുട, മൂഴിക്കുളം, പായമ്മൽ എന്നിവിടങ്ങളിലാണു. ഒരു ദിവസംകൊണ്ട് നാലു സ്ഥലത്തും എത്തിചേരുക പണ്ടു കാലത്ത് ക്ലേശകരമായിരുന്നെങ്കിലും വിശ്വാസികൾ ഈ ദർശനം പുണ്യമായി കരുതി അവിടങ്ങളിൽ സന്ദർശനം നടത്തിയിരുന്നു.

യശ്ശഃശരീരനായ ശ്രീ സി.വി.കുഞ്ഞുരാമൻ വാത്മീകിയുടെ രാമായണം ലളിതമായ മലയാള ഗദ്യത്തിൽ പുനരാഖ്യാനം ചെയ്തീട്ടുണ്ട്. അതിന്റെ മുഖവുരയിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു. ഭാരതത്തിലെ ഇതിഹാസങ്ങളെ അറിയുക എന്നത് ഭാരതത്തിലെ ജനങ്ങളെ അറിയുക എന്നാണു്. രാമായണവും ഭാരതവും ഭാരതത്തിലെ രണ്ടു ഇതിഹാസ ഗ്രന്ഥങ്ങളാണു. വാസ്തവത്തിൽ ഇവ മതഗ്രന്ഥങ്ങളല്ലത്രെ. ഇതിൽ രണ്ടിലും ഹിന്ദു എന്ന വാക്കില്ലെന്നുള്ളതാണു പരമാർഥം.

ഇതിഹാസങ്ങളെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“ധർമ്മാർത്ഥ കാമമോക്ഷണാ

മുപദേശസമന്വിതം
പൂർവ്വവ്രുത്തം കഥായുക്ത
മിതിഹാസം പ്രചക്ഷതേ...

നടന്ന കഥയെ വർണ്ണിച്ചും അതിലെ കഥാപാത്രങ്ങളിലൂടെ  ധർമ്മ, അർഥം, കാമ, മോക്ഷം എന്നിവയെപ്പറ്റി അറിവ് പകർന്ന് തലമുറകളെ നല്ല പ്രവർത്തി ചെയ്യുന്നവരാക്കുകയാണത്രെ ഇതിഹാസങ്ങളുടെ ഉദ്ദേശ്യം.

രഘുവംശത്തിലെ രാജാവായിരുന്ന ദശരഥൻെറ മകനാണു ശ്രീരാമൻ. വാത്മീകിയുടെ രാമായണത്തിൽ രാമൻ ഇതിഹാസ പുരുഷനാണു. എന്നാൽ ശ്രീരാമനെ മഹാവിഷ്ണുവിൻെറ ഏഴാമത്തെ അവതാരമായി ഭാരതത്തിലെ ജനങ്ങൾ കാണുകയും വിശ്വസിക്കുകയും ചെയ്യുന്നു. എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണവും, രാമനെ ദേവനാക്കികൊണ്ടും വിഷ്ണുവിൻെറ അവതാരമായി കണ്ടുകൊണ്ടുമാണു രചിച്ചിട്ടുള്ളത്.

തപോധനനായ വാത്മീകി തമസ്സാ നദിയുടെ തീരത്ത് വച്ച് ക്രൗഞ്ച മിഥുനങ്ങളിൽ ഒന്ന് ഒരു വേടൻെറ അമ്പേറ്റ് പിടഞ്ഞ് വീണു മരിക്കുന്നത് കണ്ടപ്പോൾ അദ്ദേഹത്തിനു ശോകമുണ്ടായി.  ആ ശോകം മൂലം അദ്ദേഹം വേടനെ ശപിക്കുന്നു. അതിനു ശേഷം സമനില വീണ്ടെടുത്ത തപസ്വി താൻ വേടനെ ശപിച്ചപ്പോൾ പുറത്ത് വന്നു വാക്കുകളിൽ ഒരു താളമുണ്ടായിരുന്നുവെന്ന് അറിയുന്നു. ശോകത്തിൽ നിന്നും ശ്ലോകമുണ്ടായി. നാരദനിൽ നിന്നും ഗ്രഹിച്ച വിവരങ്ങൾവച്ച് അദ്ദേഹം രാമൻെറ കഥ രചിക്കുന്നു.

അസുര രാജാവായ രാവണനേയും ശൂർപ്പണഖയേയും അവതരിപ്പിച്ച്കൊണ്ട് വാത്മീകി മനുഷ്യ മനസ്സുകളൊട് മന്ത്രിച്ചു" അനിയന്ത്രിതമായ കാമവികാരം നാശത്തിൻെറ വിത്തുകൾ വിതക്കും. "കാമരൂപിണിയായി ശൂർപ്പണഖ ശ്രീരാമനെ സമീപിച്ചില്ലായിരുന്നെങ്കിൽ ലക്ഷ്മണനാൽ ശിക്ഷിക്കപ്പെട്ട് അപമാനിതയായി അവൾ പോയി സീതയുടെ കൊതിപ്പിക്കുന്ന സൗന്ദര്യത്തെപ്പറ്റി കാമാർത്തനായ രാവണനോട് പറഞ്ഞില്ലായിരുന്നെങ്കിൽ രാമായണ കഥ ഒരു പക്ഷെ ഉണ്ടാകുമായിരുന്നില്ല. നമ്മുടെ മനസ്സിൽ തിങ്ങികൂടുന്ന അധമവിചാരങ്ങളെ മാറ്റി മതേതര ഭാവത്തോടെ മറ്റുള്ളവരെ കാണുവാനും സ്നേഹിക്കാനും രാമായണ പാരായണം സഹായിക്കുന്നു. കാലങ്ങളെ അതിജീവിച്ചു നിൽക്കുന്ന തത്വങ്ങളും മാർഗ്ഗദർശനവും, ശരിയായ ജീവിത രീതിയും തന്മൂലം ഐശ്വര്യങ്ങളും രാമായണം ഭക്തിയോടെ (അതായ്ത് നിർമ്മല ചിത്തത്തോടെ) വായിക്കുന്ന ഏതൊരാൾക്കും ലഭിക്കാവുന്നതാണു്.

ഇന്ന് ഭാരതത്തിൽ സ്ത്രീധനത്തിനുവേണ്ടിയും, കുലമഹിമയുടെ പേരിലും വിവാഹകമ്പോളത്തിൽ പെൺകുട്ടികളുടെ കണ്ണീരു വീഴുമ്പോൾ, അല്ലെങ്കിൽ അവരുടെ ദേഹം കത്തി ചാമ്പലാക്കുമ്പോൾ തമസ്സാ നദിയുടെ തീരത്ത് നിന്നും വാത്മീകി കോപം കൊണ്ട് ജ്വലിച്ചും കമണ്ഡുവിലെ വെള്ളം തളിച്ചും ശപിക്കാൻ ഒരുങ്ങുമായിരിക്കും. കാരണം ഉഴവ്ചാലിൽ ആരോ വലിച്ചെറിഞ്ഞ ഒരു

പെൺകുട്ടിയെയാണു അയോദ്ധ്യപതിയായ ദശരഥന്റെ മകൻ ശ്രീരാമൻ പതിയായി സ്വീകരിച്ചത്. രാമായണം രാമന്റെ കഥയെന്നതിനേക്കാൾ സീതയുടെ കഥയാണു. കേരളത്തിലെ കുടുംബിനികൾ കീർത്തനമായി ചൊല്ലിയിരുന്ന (ചൊല്ലിയിരുന്ന എന്നുപയോഗിക്കുകയാണു, ഇന്നു ആരും അങ്ങനെ ചെയ്യുന്നുണ്ടാകില്ലായിരക്കാം) പഞ്ചകന്യാ സ്മരണയിൽ സീതയുണ്ട്.

അഹല്യ, ദ്രൗപതീ, സീതാ
താരാ, മണ്ഡോദരി തഥ
പഞ്ച കന്യാസ്മരേ നിത്യം
മഹാപാതകനാശനം

കലിയുഗത്തിലെ പെൺകുട്ടികൾക്ക് ചുറ്റും രാവണന്മാരണ്ട്. ലങ്ക അടുത്തായത്കൊണ്ടായിരിക്കണം കേരളത്തിൽ രാവണന്മാരുടെ അഴിഞ്ഞാട്ടം കൂടുതലാണ്. അവിടെ സീതമാർ അപഹരിക്കപ്പെടുന്നു. അഭിനവരാവണൻ സീതമാരെ തട്ടിയെടുക്കുന്നത് സ്വന്തം ഭോഗാസക്തി തീർക്കാൻ മാത്രമല്ല. അവളിപ്പോൾ വിപണിയിലെ വിൽപ്പന ചരക്കാണ്.

കേരളത്തിലെ ജനങ്ങൾ അവശ്യം വായിക്കേണ്ടതാണ് രാമായണം. വായിക്കുന്നത്കൊണ്ട് എന്തെങ്കിലും ദൈവിക ശക്തി സ്വായത്തമാകുമോ എന്നു ആഗ്രഹിക്കുന്നതിനേക്കാൾ മനുഷ്യനായി ജീവിക്കുമ്പോൾ മനസ്സിലാക്കേണ്ടത് മനസ്സിലാക്കുക എന്നതാണു പ്രധാനം. രാമായണം എഴുതിക്കഴിഞ്ഞ് അതു പാടി പ്രചരിപ്പിക്കാൻ ആരുമില്ലല്ലോ എന്നോർത്ത് വാത്മീകി വിഷമിച്ചിരുന്നപ്പോൾ ലവ-കുശന്മാർ ആ ദൗത്യം നിർവ്വഹിക്കാമെന്നേറ്റു. ലോകത്തിന്റെ എല്ലായിടത്തും പോയി പ്രചരിപ്പിക്കാൻ വാത്മീകി പറഞ്ഞതായി കാണുന്നില്ല. ഏതായാലും ഭാരതത്തിന്റെ മണ്ണിൽ അതു പടർന്നു പന്തലിച്ചു. തലമുറകളിൽ നിന്നു തലമുറകളിലേക്ക് ഏൽപ്പിക്കപ്പെടുന്ന വിശ്വാസവും അറിവും പൂർവ്വാധികം തന്മൂലം ദ്രുഢമായിരികൊണ്ടിരിക്കുന്നു.

ഒരു വഴിപാടു പോലെ രാമായണം വായിച്ച് തീർക്കുന്നതിൽ ഒരർഥവുമില്ല. ആഷാഢമേഘങ്ങൾ പെയ്തൊഴുകിപ്പോകും. ഋതുക്കൾ മാറിപോകും. അതു പ്രക്രുതിയുടെ മുറതെറ്റാത്ത ആവർത്തനങ്ങൾ. മനുഷ്യനും ജീവിതത്തോട് മുറയും, നെറിയും പുലർത്തേണ്ടതുണ്ട്. അതിന്റെ ആവശ്യകത ഇത്തരം ഗ്രന്ഥങ്ങൾ മനസ്സിലാക്കിപ്പിക്കുന്നു.

ഭാരതീയ വനിത പാരമ്പര്യത്തിന്റെ തിലകക്കുറിയായി സീതാദേവി ആരാധിക്കപ്പെടുന്നു. ലക്ഷ്മണൻ ജ്വലിപ്പിച്ച അഗ്നികുണ്ഠത്തിൽ നിന്നും തീയ്യിൽ ഉരുക്കിയെടുത്ത സ്വർണ്ണം പോലെ പരിശുദ്ധയായ വൈദേഹിയെ അഗ്നിദേവൻ എടുത്തുകൊണ്ട് ശ്രീരാമന്റെ മുന്നിൽ വച്ച് പറഞ്ഞു.

”ഇതാ രാഘവാ നിൻ സീത
ഇവൾക്കില്ലൊരുകുറവും
വാക്കാലും ഹ്രുദയത്താലും
നോക്കാലും നിനവോലുമേ..




ശ്രീരാമചന്ദ്രൻ സീതയെ സ്വീകരിച്ച്കൊണ്ട് അയോദ്ധ്യയിലേക്ക് പറന്നു. എന്നാൽ ജനങ്ങൾ അപവാദം പറയുന്നുവെന്ന കാരണം പറഞ്ഞ് ഗർഭിണിയായ സീതയെ ഉപേക്ഷിക്കുകയാണു ചെയ്തത്. ഇണ പക്ഷികളിൽ ഒന്ന് അമ്പേറ്റ് വീണു. തമസ്സാ നദിയുടെ തീരത്ത് ഈ ഭൂമി പുത്രി നിരാലംബയായി, നിരാശ്രയയായി തളർന്നു വീണു. വാത്മീകി അവളെ ശുശ്രൂഷിച്ച് തൻെറ കുടിലിൽ അഭയം നൽകി. ഇരട്ടപുത്രന്മാർക്ക് ജന്മം നൽകിയ സീതയെ കണ്ടുമുട്ടുന്ന ശ്രീരാമൻ വീണ്ടും സീത നിഷ്കളങ്കയാണെന്ന് തെളിയിച്ചാൽ സ്വീകരിക്കാമെന്ന് പറയുന്നു. ഇവിടെ ശ്രീരാമചന്ദ്രൻ ഒരു മെയിൽ ഷോവനിസ്റ്റ് ചിന്താഗതി പ്രകടിപ്പിക്കുന്നതായി നമുക്ക് തോന്നാം. പക്ഷെ അങ്ങനെ അവഹേളിക്കപ്പെടാൻ സീതാദേവി തയ്യാറായില്ല. അവർ ഭൂമി മാതാവിനെ നൊന്തു വിളിച്ചു. ഭൂമിദേവിയുടെ ഹ്രുദയം പിളന്നു പഴുതുണ്ടായി. അതിലൂടെ സീതാദേവി അന്തർദ്ധാനം ചെയ്തു. ചിന്താവിഷ്ടയായ സീതയിൽ ആശാൻ പറയുന്നത് സീത ആകാശത്തേക്ക് ഉയർന്നു എന്നാണു.

“പ്രിയ രാഘവ, വന്ദനം ഭവാ–
നുയരുന്നു ഭുജ ശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നു പോയിടാം
സ്വയമീദ്യോവിലൊരാശ്രയം വിനാ..”

ശ്രീരാമൻെറ കൈകളിൽ നിന്ന് വേർപ്പെട്ട് പോവുകയാണ് കൂടെ വരുമോ എന്ന് ചോദ്യം. ജനങ്ങളുടെ പ്രിയങ്കരനായ രാമനു ഭാര്യയേക്കാൾ വലുത് പ്രജകളല്ലേ. അമ്മയെ ദൈവമായി കാണുന്ന നാടാണ് ഭാരതമെങ്കിലും അവിടെ സ്ത്രീ സുരക്ഷിതയല്ല. മതഗ്രന്ഥങ്ങളും സമൂഹവും അവൾക്കനുഷ്ഠിക്കാൻ അനവധി

ചിട്ടങ്ങൾ ഉണ്ടാക്കിവച്ചിരിക്കുന്നു. ഒരു പക്ഷെ അത്തരം അഗ്നിപരീക്ഷണങ്ങളിൽ നിരന്തരം വിജയിക്കുന്നത്കൊണ്ടാകും ഭാരതസ്ത്രീകൾ ഭാവശുദ്ധിയുള്ളവരായത്

കർക്കടം കോരി ചൊരിയുന്ന മഴപോലെ മനുഷ്യമനസ്സുകളിലും ഭക്തിയും അത്മീയതയും നന്മകളും നിറഞ്ഞൊഴുകട്ടെ. അജ്ഞതയുടെ അന്ധകാരത്തിൽ നിന്ന് മനുഷ്യൻ ഉണരേണ്ടിയിരിക്കുന്നു. മനുഷ്യന്റെ ഉത്ഭവം മുതൽ അവൻ മനസ്സിലാക്കിയ കാര്യമാണു നന്മയും സത്യവും ഒടുവിൽ വിജയിക്കുമെന്നു. തിന്മയും അസത്യവും താൽക്കാലികമായി ആർജ്ജിക്കുന്ന ശക്തിയിൽ മനുഷ്യരെ കഷ്ടപ്പെടുത്തുന്നു. ഈശ്വരനാമം കൊണ്ട്മാത്രമേ ദുർബ്ബലനായ മനുഷ്യനു പൈശാചിക ശക്തികളെ എതിരിടാനുള്ള കരുത്ത് കൈവരുകയുള്ളു. ഈശ്വരന്മാരുടെ ബലപരീക്ഷണം മനുഷ്യർതമ്മിൽ നടക്കുമ്പോൾ തോൽവി സുനിശ്ചിതം. ഈശ്വരനിൽ വിശ്വസിക്കുക എന്നതല്ലേ പ്രാധാനം. ശക്തി കാട്ടേണ്ടത് ഈശ്വരനാണ്.. ശ്രീരാമ രാമ...

ശുഭം